"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഉപദേശ-സി) വകുപ്പ്

നം. ADV-C1/167/2024-PandARD തിരുവനന്തപുരം, തീയതി: 14-02-2025

സർക്കുലർ

വിഷയം:- ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പ്-ജീവനക്കാര്യം- 2024 കലണ്ടർ വർഷത്തെ സ്വത്ത് വിവര പത്രിക ഫയൽ ചെയ്യാത്ത ജീവനക്കാർക്ക് SPARK മുഖാന്തിരം ഫയൽ ചെയ്യുന്നതിന് സമയം നീട്ടി നൽകുന്നത്-സംബന്ധിച്ച്.

സൂചന:- 10.12.2024 ലെ ADV-C1/167/2024-PandARD നമ്പർ സർക്കുലർ.

1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 37, 39 എന്നിവ പ്രകാരം പാർട്ട് ടൈം ജീവനക്കാരൊഴികെയുള്ള എല്ലാ സർക്കാർ ജീവനക്കാരും 2024 കലണ്ടർ വർഷത്തെ സ്വത്ത് വിവര പത്രിക SPARK സോഫ്റ്റ്‌വെയർ മുഖാന്തിരം ഓൺലൈനായി 2024 ജനുവരി 15 നകം ഫയൽ ചെയ്യുന്നതിന് നിർദ്ദേശം നൽകിക്കൊണ്ട് സൂചന പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. എന്നാൽ സാങ്കേതിക/വ്യക്തിപരമായ കാരണങ്ങളാൽ സ്പാർക്ക് സോഫ്റ്റ്‌വെയർ മുഖേന 2024 കലണ്ടർ വർഷത്തെ സ്വത്ത് വിവര പട്ടിക ഓൺലൈൻ ആയി സമർപ്പിക്കുവാൻ സാധിച്ചിട്ടില്ലെന്നും ആയതു ദീർഘിപ്പിച്ചു നൽകണമെന്നുമുള്ള നിരവധി അപേക്ഷകൾ ലഭ്യമായിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024 കലണ്ടർ വർഷത്തിലെ സ്വത്ത് വിവര പത്രിക ഇനിയും ഫയൽ ചെയ്യാത്ത ജീവനക്കാർക്ക് ആയത് SPARK സോഫ്റ്റ് വെയർ മുഖാന്തിരം ഓൺലൈനായി ഫയൽ ചെയ്യുന്നതിന് **ഈ സർക്കുലർ തീയതി മുതൽ പത്ത് ദിവസത്തെ സമയം കൂടി അനുവദിച്ചു നൽകുന്നു.**

ജീവനക്കാർക്ക് SPARK സോഫ്റ്റ് വെയർ മുഖാന്തിരം സ്വത്ത് വിവര പത്രിക ഓൺലൈനായി സമർപ്പിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ധനകാര്യ (ITSF) വകുപ്പ് നടത്തേണ്ടതാണ്.

ലീന എ

ജോയിന്റ് സെക്രട്ടറി

പകർപ്പ് :-

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിയ്ക്കും

എല്ലാ വകുപ്പ മേധാവികൾക്കും/നിയമനാധികാരികൾക്കും

എല്ലാ ജില്ലാ കളക്ടർമാർക്കും

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തു സഹിതം)

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)

സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)

സെക്രട്ടറി, കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും,

എല്ലാ സെക്ഷനുകൾക്കും.

ധനകാര്യ (ITSF) വകുപ്പ് (SPARK സോഫ്റ്റ് വെയർ മുഖാന്തരം ഓൺലൈൻ സമർപ്പണത്തിന് ആവശ്യമായ ക്രമീകരണങ്ങൾ നടത്തുന്നതിന്)

വിവര പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്)

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (കേരള സർക്കാരിന്റെ

ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)

നോഡൽ ഓഫീസർ, ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പ് (www.pard.kerala.gov.in ) എന്ന വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sivakumar. G
Date: 14-02-2025 16:55:55
സെക്ഷൻ ഓഫീസർ

മേലെഴുത്ത് നമ്പർ LCO/5603/2024/E(3) തീയതി 15/2/2025

14/2/2025 തീയതിയിലെ ADV-C1/167/2024-P&ARD

നമ്പർ സർക്കുലർ അറിവിലേയ്ക്കും നടപടികൾക്കുമായി നൽകുന്നു

ലേബർ കമ്മീഷണർക്കുവേണ്ടി

എല്ലാ ജീവനക്കാർക്കും